സാഹിത്യവാരഫലം

1971/06/20 (കലാകൗമുദി)

എം. കൃഷ്ണൻ നായർ

Copyright © 2014-2022, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

1971/06/20-ൽ കലാകൗമുദി വാരികയിൽ പ്രസിദ്ധീകരിച്ചതു്.

നക്ഷത്രങ്ങൾ രത്നങ്ങൾ

മഴക്കാലം, ഗൃഹാംഗണങ്ങളിൽ[1] ഇപ്പോൾ മഴവെള്ളം കെട്ടിക്കിടക്കുന്നുണ്ടാവാം. ആ കൊച്ചു ജലാശയങ്ങൾ കാണുന്ന കൊച്ചുകുട്ടികൾക്ക് കളിവള്ളമുണ്ടാക്കി അവയിലൂടെ ഓടിക്കാൻ എന്തെന്നില്ലാത്ത കൗതുകം കാണും. അവർ കടലാസുകൊണ്ട് വള്ളമുണ്ടാക്കി ജലാശയങ്ങളിലിടുന്നു. വേമ്പനാട്ടുകായലിൽ വള്ളമോടുന്നതുപോലെ ഈ കൊച്ചുവഞ്ചികൾ മുറ്റത്തെ തടാകങ്ങളിൽ വളരെ വേഗം സഞ്ചരിക്കുമെന്നും മറുകരയിലെത്തുമെന്നും അവർ വിചാരിക്കുന്നു. കടലാസുതുണ്ടുകളും ഇലകളും പൂക്കളും അവർ അതിൽ കയറ്റിവയ്ക്കുന്നു. പക്ഷേ, കളിവള്ളം അനങ്ങുകയില്ല. കാറ്റടിച്ചാൽ അത് ഒന്നു ചലിച്ചെന്നുവരും. അത്രമാത്രം. കുട്ടികൾക്ക് ഇച്ഛാഭംഗം, അവരുടെ ഇച്ഛാഭംഗം കാണുന്ന നമുക്കും നൈരാശ്യം. ഈ ബാല്യകാലകൗതുകം കാണിക്കുന്ന കുട്ടികൾ ഇന്നു വളരെപ്പേരുണ്ട്. വാരികകളാകുന്ന ജലാശയങ്ങൾ കാണുമ്പോൾ കലാസൃഷ്ടികളാകുന്ന കള്ളിവള്ളങ്ങളോടിക്കാൻ അവർക്കു വല്ലാത്ത ആഗ്രഹം. പക്ഷേ, അവർക്കും നമുക്കും വിഷാദം. ജൂൺ ആറാം തീയതിയിലെ ‘ജനയുഗം’ വാരികയിൽ കുമാരി പി. എം. ഉമയെഴുതിയ “സ്വപ്നങ്ങൾ” എന്ന ചെറുകഥ നോക്കുക. ആയിരമായിരം പ്രാവശ്യം പലരും കൈകാര്യം ചെയ്തു ഒരു പഴഞ്ചൻ വിഷയമെടുത്ത് ഈ പെൺകുട്ടിയും പ്രതിപാദനം ചെയ്യുന്നു. ഒരു യുവാവിന് ഒരു ബാലികയോടു സ്നേഹം. അവളെ മറ്റൊരുവൻ വിവാഹം കഴിക്കുന്നു. അപ്പോൾ യുവാവിനു ദുഃഖം, എങ്കിലും അവൾക്കയാൾ എല്ലാ ഭാവുകങ്ങളും നേരുന്നു. പ്രതിപാദ്യവിഷയത്തിന്റെയും പ്രതിപാദനരീതിയുടെയും ചിരപരിചിതസ്വഭാവം മാത്രമല്ല അനുവാചകന് വൈരസ്യം ഉളവാക്കുന്നത്. കാമുകിയെ ദേവിയായും കാമുകനെ ദേവനായും കരുതുന്ന ഒരുതരം ‘സ്റ്റുപ്പിഡിറ്റി’ യുണ്ടല്ലോ! അത് ഈ കഥയിലെവിടെയും ദൃശ്യമാണ്. “ദേവീ! ഭഗവതീ! എന്റെ ദേവിയെ മറ്റു ദേവന്മാരാരും വന്നു തട്ടിക്കൊണ്ടുപോകല്ലേ” കാമുകൻ പ്രാർത്ഥിക്കുകയാണ്. സമ്പൂർണ്ണതയിലെത്തിച്ചേരാൻ പ്രയാണം ചെയ്യുന്ന മനുഷ്യന് സാഹായ്യമരുളുന്നവയാണ് കലാസൃഷ്ടികൾ, ഇത്തരം ചെറുകഥകൾ അവനെ മരണത്തിലേയ്ക്കേ കൊണ്ടുചെല്ലൂ. എങ്കിലും നമുക്കു ക്ഷമിക്കാം. തൃശ്ശൂർ കേരളവർമ്മ കോളേജിലെ വിദ്യാർത്ഥിനിയാണ് ഉമ. ഒരു പെൺകുട്ടിയുടെ “കടലാസുവഞ്ചിനിർമ്മാണം” എന്ന നിലയിൽ ഈ അപരാധം ക്ഷമിക്കത്തക്കതാണ്. ഒരു ഉപദേശം. ഇനിയും കളിവള്ളമുണ്ടാക്കുമ്പോൾ പഴഞ്ചൻ പ്രേമത്തിന്റെ താളുകൾ കീറി അതിൽ നിറച്ചുവയ്ക്കാതിരിക്കൂ.

ഞാനൊരുദിവസം തിരുവനന്തപുരത്തെ ഒരാഫീസിലേയ്ക്കു ചെന്നപ്പോൾ അവിടെയുള്ള ഒരു വൃക്ഷത്തിന്റെ ചുവട്ടിൽനിന്ന് ഒരു പരിചയക്കാരൻ തേങ്ങിക്കരയുന്നതു കണ്ടു. സഹതാപത്തോടെ ഞാൻ കാര്യം അന്വേഷിച്ചു. അയാൾ മറുപടി നൽകി: “എന്റെ സഹോദരിക്കു സുഖമില്ല.”

ഞാൻ: എന്താണ് സുഖക്കേട്?

അയാൾ: എന്തു കഴിച്ചാലും ഛർദ്ദിക്കുന്നു.

ഞാൻ: ഡോക്ടറെ കാണിച്ചില്ലേ?

അയാൾ: കാണിച്ചു. മരുന്നുതന്നു. അവൾ താമസിക്കുന്ന … ലോഡ്ജിന്റെ ഉടമസ്ഥ ദയാശൂന്യയായി പെരുമാറുന്നു. ഉടനെ മാറിക്കൊടുക്കണമെന്നു നിർബ്ബന്ധിക്കുകയാണ്. അതുകൊണ്ട് … എന്നസ്ഥലത്ത് ഒരു വീട് വാടകയ്ക്കെടുത്ത് അവളെ അങ്ങോട്ടു മാറ്റി. സഹായത്തിനുവേണ്ടി മൂത്തചേച്ചിയെ ഇങ്ങോട്ടു കൊണ്ടുവരാൻ കമ്പിയടിച്ചിട്ട് നില്ക്കുകയാണ്.

സുഖമില്ലാത്ത സഹോദരിക്ക് ഈ ആഫീസിലാണ് ജോലി. ഞാൻ അയാളെ ആശ്വസിപ്പിച്ചിട്ട് യാത്ര പറഞ്ഞുപോയി. ഉദ്യോഗം നേടാൻവേണ്ടി യതിച്ചപ്പോൾ കിട്ടിയതാണ് അവൾക്ക് ആ അസുഖമെന്നു മനസ്സിലാക്കാൻ എനിക്ക് ഒരു പ്രയാസവുമുണ്ടായില്ല. കുറെക്കാലത്തേയ്ക്ക് അവളെ ഞാൻ കണ്ടില്ല. ഒരു ദിവസം യാദൃച്ഛികമായി ഞാനവളെ റോഡിൽവച്ചു കണ്ടു. കാണാത്ത മട്ട് അഭിനയിച്ച് പോകാൻ ഞാൻ ശ്രമിച്ചെങ്കിലും അവൾ എന്നെ തടഞ്ഞുനിറുത്തി. അവൾക്ക് ഉദ്യോഗം കൊടുത്തയാളിന്റെ പേരുപറഞ്ഞിട്ട് ഇങ്ങനെ ആക്രോശിച്ചു “…നെ സാർ നേരിട്ടറിയുമോ? പരമദുഷ്ടൻ, നീചൻ, ദ്രോഹി.” വികാരപാരവശ്യത്താൽ അവൾ ബോധശൂന്യയായി റോഡിൽ വീഴുമെന്ന് എനിക്കു തോന്നി. ഞാൻ മറുപടിയൊന്നും പറയാതെ വളരെ വേഗത്തിൽ നടന്നുപോയി. അവൾ ദർശനപഥത്തിൽനിന്ന് അകന്നപ്പോൾ ഞാൻ എന്നോടുതന്നെ പറഞ്ഞു. “അയാൾ പരമദുഷ്ടൻ, നീചൻ, ദ്രോഹി, സമ്മതിച്ചു. പക്ഷേ, നീയോ? നിഷ്കളങ്കയോ? നിരപരാധയോ? പച്ചവെള്ളം ചവച്ചുകുടിക്കുന്നവളോ? അറിഞ്ഞുകൊണ്ട് നീ മാലിന്യത്തിൽ വീണവളല്ലേ? ഒരു കാലത്ത് സുന്ദരിയായിരുന്ന നീ ഇന്ന് ഇങ്ങനെ പ്രേതത്തെപ്പോലെയായതിനു കാരണക്കാരൻ അയാൾ മാത്രമാണോ? ഒരുപക്ഷേ, നിനക്ക് ആ അസുഖം വന്നില്ലായിരുന്നെങ്കിൽ നീ പ്രമോഷനുവേണ്ടി കൊഞ്ചിക്കുഴഞ്ഞു് അയാളുടെ അടുക്കൽത്തന്നെ എത്ര പ്രാവശ്യം പോകുമായിരുന്നു!” പുരുഷൻ ചതിക്കുന്നവനാണ്, ക്രൂരനാണ്, സമ്മതിച്ചു. പക്ഷേ, അതു മനസ്സിലാക്കി സ്ത്രീ അകന്നു നില്ക്കേണ്ടവളല്ലേ? ദാഹം തീർക്കാൻ, വിശപ്പുമാറ്റാൻ, കൊള്ളയടിക്കാൻ പുരുഷൻ സ്ത്രീയെ സമീപിക്കുന്നു. അപ്പോൾ അയാളിൽനിന്ന് അകലാതെ നില്ക്കുന്ന സ്ത്രീക്കും ദാഹം തീർക്കാനുണ്ട്, വിശപ്പുമാറ്റാനുണ്ട്, കൊള്ളയടിക്കാനുണ്ട്. അതൊക്കെ നടത്തിയിട്ട്, ആപത്ത് സംഭവിച്ചുവെന്നു കാണുമ്പോൾ പുരുഷനെ മൃഗമെന്നും ദുഷ്ടനെന്നും വിളിക്കുന്നതിൽ ഒരർത്ഥവുമില്ല. ഈ സത്യം മനസ്സിലാക്കിയിരിക്കുന്നു കുങ്കമം വാരികയിൽ (ലക്കം 38) “രാവണൻ” എന്ന ചെറുകഥയെഴുതിയ ശ്രീ. പിണ്ടാണി എൻ. ബി. കുളക്കടവിൽ നഗ്നയായിനിന്ന അമ്മുവിനെക്കണ്ടപ്പോൾ ഉന്മാദത്തോളം എത്തിയ ഒരുവൻ അവളെ ആലിംഗനം ചെയ്തു. അവൾ രംഭ, അയാൾ രാവണൻ. രാവണനെ ഭ്രാന്തനായിക്കരുതി ആളുകൾ മുറിയിലിട്ടു പൂട്ടി. ആ മുറിയിൽ കിടന്നുകൊണ്ടും അയാൾ കേൾക്കുന്നതു ലൈംഗികത്വത്തോടു ബന്ധപ്പെട്ട ശബ്ദങ്ങൾതന്നേ. അയാളുടെ ഉന്മാദം കൂടിയതിലെന്തുണ്ട് അദ്ഭുതം? അയാൾ ചങ്ങലപൊട്ടിച്ച് വെളിയിൽ ചാടിയതിനു കുറ്റം പറയാനെന്തിരിക്കുന്നു? അയാളുടെ രാവണത്വത്തിനു കാരണക്കാരി സ്ത്രീതന്നെ, ഈ ആശയത്തിന് ഒട്ടൊക്കെ ആകർഷകമായ രൂപം നല്കിയിരിക്കുന്നു കഥാകാരൻ. ചേട്ടന്റെ മകളെ, ആ ബന്ധുത്വത്തെക്കുറിച്ച് ഒരറിവുമില്ലാതെ ആപന്നസത്വയാക്കുന്ന ഒരുവന്റെ കാമത്തെ ചിത്രീകരിക്കുന്ന റേഡിയോനാടകമാണ് “പാപികൾ”. കുങ്കമം വാരികയെ മലിനമാക്കുന്ന ഈ റേഡിയോനാടകത്തിൽ കലയില്ല. ജീർണ്ണതയിലെത്തിയ, വിഷാദാത്മകത്വം ഗ്രസിച്ച സമകാലികജീവിതത്തെ രണ്ടു വ്യക്തികളിലൂടെ ചിത്രീകരിച്ച് അവരുടെ അന്ധകാരമയമായ ജീവിതത്തിലേക്കു പ്രത്യാശയുടെ ഒരു കിരണം പ്രസരിപ്പിക്കുകയാണ് ശ്രീ. കിരാതദാസ്. അദ്ദേഹത്തിനു കഴിവുണ്ട്. ഗുന്തർഗ്രസ്സ്, കഫ്ക, യോനസ്കൂ, ബെക്കറ്റ് എന്നിങ്ങനെ സായ്പന്മാരുടെ പേരുകൾ പറഞ്ഞ് ആളുകളെ “മലർത്താ”മെന്ന തെറ്റിദ്ധാരണ അദ്ദേഹം ഉപേക്ഷിക്കട്ടെ. പറയാനുള്ള വസ്തുത കൃത്രിമത്വമില്ലാതെ പറയട്ടെ. എങ്കിൽ അദ്ദേഹത്തിനു നല്ല കഥകളെഴുതാൻ സാധിക്കും. ഇരുപത്തിയഞ്ചു വർഷം മുമ്പ് ബഹുജനം എഴുത്തുകാരന്റെ പിന്നിലായിരുന്നു, അന്നു ചിലരൊക്കെ ബർനാഡ്ഷാ, ചെക്കോവ്, പ്രൂസ്റ്റ് എന്നിങ്ങനെ പേരുകൾ പറഞ്ഞു ആളുകളെ വിസ്മയിപ്പിച്ചിരുന്നു. ഇക്കാലത്ത് അത് ചിലവാകുകയില്ല. ബഹുജനം എഴുത്തുകാരന്റെ മുൻപിൽ നില്ക്കുന്നു ഇപ്പോൾ. പേരുകൾ പറഞ്ഞ് ഒരു മനുഷ്യനെയും ഇന്നു വിസ്മയിപ്പിക്കാനൊക്കുകയില്ല!


ഷെല്ലി

ശുചീന്ദ്രത്തുനിന്ന് അഞ്ചുമൈൽ കിഴക്കോട്ടുപോയാൽ അഴകപ്പാപുരമെന്നസ്ഥലത്തെത്താം. ജലം കിട്ടാത്ത മരുഭൂമിക്കു സദൃശമായ സ്ഥലത്ത് ഞാൻ ഒരു വർഷം താമസിച്ചു. തസ്കരപ്രമാണിയായ ജംബുലിംഗം ഞാൻ താമസിച്ചിരുന്ന വീട് ഒരു കാലത്ത് കൊള്ളയടിച്ചുപോലും. ആ വീട്ടിൽ നിന്നു നോക്കിയാൽ അങ്ങകലെ ഒരു മല കാണാം. ഒരു ദിവസം ഞാൻ ആ മലയുടെ മുകളിൽ ചെന്നുചേർന്നു. ഉടയെന്നു വിളിക്കുന്ന ഒരുതരം മുള്ളുകൾകൊണ്ട് എന്റെ കാലുകളാകെകീറി ചോരയൊലിക്കുന്നുണ്ട്. രക്തമൊഴുകുന്ന കാലുകളോടുകൂടി ഞാൻ ആ മലയുടെ മുകളിൽ ചെന്നപ്പോൾ അവിടെയുള്ള ഒരു മണ്ഡപത്തിൽ രണ്ടു സംന്യാസികൾ കിടക്കുന്നുണ്ടായിരുന്നു. ഞാനവരോട് തമിഴിലും മലയാളത്തിലുമായി പലതും ചോദിച്ചു. പക്ഷേ, അവർ ഒരു വാക്കുപോലും മറുപടി നല്കിയില്ല. അവരുടെ ആ വാക്സ്തംഭം എന്നെ വിഷമിപ്പിച്ചുവെന്നു പറയേണ്ടതില്ലല്ലോ. എങ്കിലും ഒരാശ്വാസമുണ്ടായി. ഒരു സംന്യാസി എഴുന്നേറ്റ് ഒരു പച്ചില പറിച്ചു കൊണ്ടുവന്ന് എന്റെ ഉള്ളങ്കാലിൽ തേച്ചു. എന്തൊരദ്ഭുതം! ഉടനെ രക്തപ്രവാഹം നിന്നു: മുറിവു കൂടിച്ചേർന്നു. “മുറിവൊട്ടി” എന്നു വിളിക്കപ്പെടുന്ന ഔഷധവീര്യമുള്ള ഒരു പച്ചിലയാണ് അതെന്ന് പിന്നീടു ഞാൻ മനസ്സിലാക്കി. എന്റെ ക്ഷതം മാറ്റിയ സംന്യാസിയോടു പിന്നെയും കൃതജ്ഞതയോടെ ഞാൻ സംഭാഷണത്തിന് ആരംഭിച്ചു. ഫലമില്ല. അദ്ദേഹമോ കൂട്ടുകാരനോ മിണ്ടിയതേയില്ല: ഞാൻ നാലുപാടും നോക്കി; എങ്ങും നിശ്ശബ്ദത. പർവ്വതപംക്തികളാകെ നിശ്ശബ്ദം. ഇടിഞ്ഞുപൊളിഞ്ഞുകിടക്കുന്ന മൺകോട്ടയിലും അവയിൽ വളർന്നുനിന്നിരുന്ന ഉടവൃക്ഷങ്ങളിലും നിശ്ശബ്ദത: അന്തരീക്ഷത്തിലും ഭൂവിഭാഗങ്ങളിലും നിശ്ശബ്ദത. ആ നിശ്ശബ്ദതയല്ലേ ഞാൻ ആ സംന്യാസിമാരിലും കണ്ടത്? അതേ ഇതാ തിരുവനന്തപുരത്തു ഇരുന്ന് ഇതെഴുതുമ്പോഴും നിശ്ശബ്ദതയാണെവിടെയും. അലകടലിൽ തരംഗങ്ങൾ കൊണ്ടു ഒരു നേരിയ ശബ്ദമുണ്ടെങ്കിലും കടലിന്റെ ഗാംഭീര്യവും വൈപുല്യവും ഓർമ്മിക്കുമ്പോൾ അവിടെയും നിശ്ശബ്ദതതന്നെ. കലാസൃഷ്ടികളും വിഭിന്നങ്ങളല്ല. രാമായണത്തിൽ, ഭാരതത്തിൽ, ഇലിയഡിൽ അമ്പുകൾ ചീറിപായുന്ന ശബ്ദം ഞാൻ കേൾക്കുന്നുണ്ട്. പക്ഷേ, സീതയുടെയും ദ്രൗപദിയുടെയും ഹെലന്റെയും സൗന്ദര്യം കൊണ്ടുളവാകുന്ന നിശ്ശബ്ദതയിൽ ആ നിസ്സാരശബ്ദം വിലയം കൊള്ളുന്നു. മൃത്യുവിനെക്കുറിച്ചെഴുതിയ കാവ്യങ്ങൾ വായിക്കുക. മൃത്യുവിന്റെ ശാന്തതയും നീരവതയും നമുക്കനുഭവിക്കാം. ഉദാഹരണം ഷെല്ലിയുടെ വിലാപകാവ്യം. കുമാരനാശാന്റെ പ്രരോദനം. മൃത്യുവിനെക്കുറിച്ചു കഥയെഴുതുന്ന ശ്രീ. ജയനാരായണനാകട്ടെ വാചാലതയിൽ മുഴുകുന്നു (മാതൃഭൂമി-അഹംമൃത്യു എന്ന കഥ). അദ്ദേഹം മരണത്തിന്റെ ഉദാത്തതയെ ലംഘിക്കുന്ന മട്ടിൽ വാവദൂകതയിൽ മുഴുകുന്നു. പ്രശാന്തഭാവം കൈക്കൊണ്ടു ജീവിതത്തിന്റെ ക്ഷതമുണക്കുന്ന ഒരു ഹരിതപത്രമാണ് കല. ജയനാരായണൻ മാത്രമല്ല, വാവദൂകതയിൽ ആഹ്ലാദിക്കുന്ന എല്ലാ എഴുത്തുകാരും അറിയേണ്ട പരമാർത്ഥമാണതു്.


എമിലി ബ്രോണ്ടി

സലോമി നർത്തകിയായിരുന്നു. അവൾ ചേതോഹരമായി നൃത്തം ചെയ്തതു് എന്തിന്? കലയുടെ സുന്ദരപ്രപഞ്ചം സൃഷ്ടിക്കാനോ? അല്ല. രാജാവിന്റെ വശത്താക്കാൻ. അങ്ങനെ ജോണിന്റെ തല അറുത്തെടുത്ത് തളികയിൽ വച്ചു നോക്കി നോക്കി ആഹ്ലാദിക്കാൻ. വസ്തുക്കളെയും സംഭവങ്ങളെയും വ്യക്തികളെയും “ഉപയോഗിത” എന്ന വീക്ഷണപഥത്തിലൂടെ നോക്കാൻ സ്ത്രീയെ പ്രേരിപ്പിക്കുന്ന മാനസികനില ഇവിടെ പ്രകടമാണ്. ഏതു സ്ത്രീ കഥയെഴുതിയാലും ഈ അംശം കടന്നുവരും. അതില്ലാതെ വരണമെന്നുണ്ടെങ്കിൽ അവൾ എമിലി ബ്രോണ്ടിയെപ്പോലെ, വർജീനിയാ വൂൾഫിനെപ്പോലെ പ്രതിഭാശാലിനിയായിരിക്കണം. പക്ഷേ, ബ്രോണ്ടിയും വൂൾഫും കാലപ്രവാഹത്തിലെ ആവർത്തിക്കപ്പെടാത്ത ബിന്ദുക്കളാണ്. വതറിംഗ് ഹൈറ്റ്സ് പോലെയൊരു നോവൽ ഇനി ഉണ്ടാകുക സാദ്ധ്യമല്ല (വുതറിംഗ് എന്ന ഉച്ചാരണം തെറ്റ്). ഇക്കാരണങ്ങളാൽ ‘മലയാളനാട്’ വാരികയുടെ 3-ാം ലക്കത്തിൽ “മുള്ളുകൾ മുറിവുകൾ’ എന്ന ചെറുകഥയെഴുതിയ ശ്രീമതി എം. ഡി. രത്നമ്മയെ ഞാൻ കുറ്റപ്പെടുത്തുന്നില്ല. സരളയെന്ന യുവതി ഒരു കോളേജിൽ മലയാളമദ്ധ്യാപികയായിവരുന്നു. മൂന്നുമാസത്തേക്കുള്ള നിയമനം. അവളെ ശ്രീകുമാരൻ എന്ന അദ്ധ്യാപകൻ സ്നേഹിക്കുന്നു. തന്റെ പ്രയാസങ്ങളെക്കരുതി ആ സ്നേഹത്തെ അംഗീകരിക്കാതെ അവൾ തിരിച്ചുപോകുന്നു. പ്രേമത്തെയും പ്രേമത്തെ ആസ്പദമാക്കിയുള്ള മറ്റു ചപലവികാരങ്ങളെയും ആലേഖനം ചെയ്യുന്ന ഇത്തരം ‘റബ്ബർസ്റ്റാമ്പ്’ സാഹിത്യം കണ്ട് ഞങ്ങളൊക്കെ മടുത്തു കഴിഞ്ഞു. അതിനെക്കുറിച്ച് ആവർത്തിച്ചാവർത്തിച്ചു പറഞ്ഞ് ഞാനും വായനക്കാരെ മുഷിപ്പിക്കുന്നു. എന്തുചെയ്യാം കഥകൾ ഒരേരീതിയിലാകുമ്പോൾ വിമർശനവും ഒരേ രീതിയിലാകും. കാമുകനെ അന്വേഷിച്ചു പോകുന്ന കാമുകി ദേവുവിനോട് അയാളുടെ അച്ഛനമ്മമാർ പറയുന്നു അയാൾ യുദ്ധത്തിൽ മരിച്ചുപോയിയെന്ന്. ഇതാണ് ശ്രീ. ബാലകൃഷ്ണൻ മാങ്ങാട്ട് “ചന്ദ്രിക”വാരികയിലെഴുതിയ “ഇരുൾവീണവഴി” എന്ന കഥയുടെ സാരം. ഈ ലോകത്തു നന്മയെ നാം അംഗീകരിക്കുന്നു. തിന്മയെ സഹിക്കുന്നു. കലാരാഹിത്യത്തിന്റെ ഈ തിന്മയെ നാം സഹിക്കുക.



‘നവയുഗ’ വാരികയുടെ 48-ാം ലക്കത്തിൽ ശ്രീ. പി. ടി. ഭാസ്കരപ്പണിക്കർ “കമ്മ്യൂണിസ്റ്റ് സാഹിത്യകാരന്മാരോട്” എന്നൊരു ലേഖനമെഴുതിയിട്ടുണ്ട്. പുരോഗമനസാഹിത്യപ്രസ്ഥാനം, ആധുനികത എന്നിവയെയെല്ലാം അപഗ്രഥിച്ചിട്ട് അദ്ദേഹം കമ്മ്യൂണിസ്റ്റ് സാഹിത്യകാരന്മാരുടെ കടമകൾ എന്തെല്ലാമെന്ന് പറയുന്നു. അവ (1) പ്രത്യയശാസ്ത്രപരമായ സമരത്തിനു പ്രാധാന്യമുണ്ടെന്നു കാണുക. (2) ബഹുജനത്തിന്റെ ബോധം ഉയർത്താനുതകുന്ന സാഹിത്യസൃഷ്ടികൾ രചിക്കുക: അവയെ പ്രോത്സാഹിപ്പിക്കുക. (3) യോജിക്കാവുന്നവരോടു യോജിക്കുക. പക്ഷേ, കമ്മ്യൂണിസ്റ്റ് വീക്ഷണം കൈവിടാതിരിക്കുക. (4) മലയാളത്തിൽ ഒരു വിപ്ലവസാഹിത്യപ്രസ്ഥാനം ഉണ്ടാക്കുക. അതിനു ബഹുജനസംഘടനകളുമായി ഐക്യമുണ്ടാക്കുക.

സംഗീതം, സാഹിത്യം തുടങ്ങിയവ സമുദായത്തിലെ ഉപരിഘടനകളാണെന്നും അവയുടെ ഉന്നതാവസ്ഥയിൽ സമുദായവുമായുള്ള ബന്ധം അവ ഉപേക്ഷിച്ചുകളയുന്നുവെന്നും മാർക്സ് പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന് ആ വിശ്വാസം ഉണ്ടായിരുന്നതുകൊണ്ട് ഷേക്സ്പിയറിനേയും മറ്റും ബഹുമാനിക്കാൻ കഴിഞ്ഞിരുന്നു. മാർക്സ് ഷേക്സ്പിയറിന്റെ പല നാടകങ്ങളും ഹൃദിസ്ഥമാക്കിയിരുന്നുവെന്നും വികാരവിവശനായി മറ്റുള്ളവരെ അവ ചൊല്ലിക്കേൾപ്പിക്കുമായിരുന്നുവെന്നും ഞാൻ വായിച്ചറിഞ്ഞിട്ടുണ്ട്. പ്രചാരണാംശം കൂടിയ സാഹിത്യകൃതികളെ നിന്ദിക്കുന്നതിൽ അഗ്രഗണ്യനായിരുന്നു അദ്ദേഹം. ലെനിൻ, ഗോർക്കി എന്നിവർ കമ്മ്യൂണിസ്റ്റ് സംസ്കാരം വേറെ, സാഹിത്യസംസ്കാരം വേറെ എന്നു വിശ്വസിച്ചിരുന്ന മഹാന്മാരാണ്. മറ്റൊരു തരത്തിൽ പറയാം. സാഹിത്യസൃഷ്ടിക്ക് അതിന്റേതായ നിയമങ്ങളുണ്ട്. അവ വച്ചുവേണം സാഹിത്യസൃഷ്ടിയെ അളന്നുനോക്കാൻ. സാമൂഹികമൂല്യങ്ങൾ കൊണ്ട് സാഹിത്യസൃഷ്ടിയെ അളക്കുന്നത് ശരിയല്ല. ഈ വീക്ഷണഗതിയാണെന്നു തോന്നുന്നു പ്രൊഫസർ ജോസഫ് മുണ്ടശ്ശേരിക്കുമുള്ളത്. ഇന്നലെ (31-5-1971) പ്രസിദ്ധപ്പെടുത്തിയ “ആശാൻ കവിത-ഒരു പഠനം” എന്ന അദ്ദേഹത്തിന്റെ ഗ്രന്ഥം വായിച്ചുനോക്കിയിട്ടും ഈ അഭിപ്രായം തെറ്റാണെന്നു തോന്നുന്നില്ല. ശ്രീ. ഭാസ്കരപ്പണിക്കരാകട്ടെ മാർക്സിസത്തിന്റെ നിയമങ്ങൾ കൊണ്ട് സാഹിത്യസൃഷ്ടികളുടെ മൂല്യം നിർണ്ണയിക്കേണ്ടതാണെന്ന് അഭിപ്രായപ്പെടുന്നു. ഈ മതത്തിന്റെ സാധുതയെക്കുറിച്ചോ അസാധുതയെക്കുറിച്ചോ ഇപ്പോൾ വിചാരിക്കേണ്ടതില്ല. തനിക്കു പറയാനുള്ളത് വ്യക്തമായി, ലളിതമായി ആവിഷ്ക്കരിച്ചിട്ടുണ്ട് ലേഖകൻ. ആ വ്യക്തതയ്ക്കും ലാളിത്യത്തിനും വേണ്ടി നാം അദ്ദേഹത്തെ അഭിനന്ദിക്കുക.


പി. കുഞ്ഞിരാമൻ നായർ

മനുഷ്യൻ ആദ്ധ്യാത്മികസ്വാതന്ത്ര്യ മാർജ്ജിക്കുന്നതോടെ സമ്പൂർണ്ണതയിലെത്തുന്നുവെന്ന് ശ്രീ. പി. കുഞ്ഞിരാമൻ നായർ വിശ്വസിക്കുന്നു. ആ വിശ്വാസം ദൃഢീഭവിച്ചതുകൊണ്ട് അദ്ദേഹത്തിന്റെ പല കവിതകളും ആവർത്തനങ്ങളായി ഭവിക്കുന്നുണ്ട്: എങ്കിലും കവിയുടെ ഭാവനാവിലാസം എവിടെയും ദൃശ്യമത്രേ. മാതൃഭൂമിയിൽ അദ്ദേഹമെഴുതിയ “സാന്ധ്യകിരണങ്ങളിലും” ഇതുണ്ട്.

> “താരകളോടിനടക്കും വാനി-
> ലുദിക്കും ചന്ദ്രക്കലപോലെ
> ചെല്ലചെറുകാറ്റുമ്മകൊടുക്കും
> മുല്ലപ്പന്തലിലവൾ നിന്നു!
> ആറ്റിൻ വെണ്മണൽ മുടിപ്പാഞ്ഞു
> കുരുതികലക്കും മലവെള്ളം
> കോടിയുടുത്തീപ്പടി കേറിപ്പോയ്
> പ്പൊൻ ചിങ്ങത്തിൽ വെയിൽനാളം”

ഇവിടെ സാന്മാർഗ്ഗികവും മതപരവും ബുദ്ധിപരവുമായ മൂല്യങ്ങളെക്കാൾ സൗന്ദര്യത്തിന്റെ മൂല്യങ്ങൾക്കാണ് പ്രാധാന്യം: ആദ്ധ്യാത്മികസ്വാതന്ത്ര്യത്തിനുള്ള അഭിലാഷംപോലും സൗന്ദര്യത്തിനു വിധേയമായിരിക്കുന്നു എന്നതാണു കുഞ്ഞിരാമൻ നായരുടെ കവിതയ്ക്കുള്ള സവിശേഷത.

അസ്വാതന്ത്ര്യത്തിന്റെ ചങ്ങലകൾ പൊട്ടിച്ചെറിഞ്ഞ്, ജീവിതത്തിന്റെ പ്രാഥമികശക്തികളെ പ്രസരിപ്പിച്ച് നില്ക്കുന്ന മനുഷ്യനെക്കുറിച്ചു ശ്രീ. നീലമ്പേരൂർ പാടുന്നു. ഒരാദ്ധ്യാത്മികവിപ്ലവത്തിന്, സാന്മാർഗ്ഗിക വിപ്ലവത്തിനാണ് അദ്ദേഹത്തിന്റെ ആഹ്വാനം. നീലമ്പേരൂരിന്റെ കവിതയ്ക്ക് (സ്വതന്ത്രൻ-ജനയുഗം) ശക്തിയുണ്ട്. “കൊച്ചുരാമൻ” എന്ന ഒരു പാവപ്പെട്ട വിദ്യാർത്ഥിയെ അവതരിപ്പിച്ചു ജീവിതക്ലേശം മുഴുവൻ ചിത്രീകരിക്കുന്ന ഗോപാലകൃഷ്ണൻ, കോലഴി കവിഹൃദയമുള്ളയാളാണ്. അതിഭാവുകത്വം ഒഴിവാക്കിയിരുന്നെങ്കിൽ. അദ്ദേഹത്തിന്റെ കവിത (നവയുഗം) കൂടുതൽ ഹൃദയാവർജ്ജകമായേനേ.


ഖലീൽ ജിബ്രാൻ

അന്തരീക്ഷത്തിൽ നക്ഷത്രരത്നങ്ങൾ വാരിയെറിഞ്ഞ ശക്തിവിശേഷം ഭൂമണ്ഡലത്തെ അവഗണിച്ചതു ശരിയോ? ഇല്ല. അവഗണിച്ചില്ല. ഭൂമിയിലെ രത്നങ്ങൾ നക്ഷത്രങ്ങളെപ്പോലെ തേജസ്സുള്ളവയാണ്. ആ രത്നങ്ങൾ കൊണ്ടെന്തു പ്രയേജനം? നിങ്ങൾ അവയെ പൊൻനൂലിൽ കോർക്കുക. എന്നിട്ട് നിങ്ങളുടെ സ്നേഹഭാജനത്തിന്റെ കഴുത്തിൽ അണിയിക്കുക. അപ്പോൾ അവർ മന്ദസ്മിതം പൊഴിക്കും. ആ മന്ദസ്മിതത്തിന്റെ കാന്തി ചിന്തുമ്പോഴാണ് രത്നങ്ങൾക്കു വിലയുണ്ടാകുന്നത്. അവ ഭൂമിയിൽ വെറുതെ കിടന്നാൽ വെള്ളാരങ്കല്ലുകൾ പോലെ മൂല്യമില്ലാത്തവയാണ്. വാക്കുകളാകുന്ന രത്നങ്ങളെ ആശയത്തിന്റെ പൊൻനൂലിൽ കോർത്ത് കലാദേവതയുടെ കഴുത്തിൽ അണിയിക്കുന്നവനാണ് കവി. ആ കവിയാര്? വള്ളത്തോൾ, ഖലീൽ ജിബ്രാൻ. ജിബ്രാൻ പറഞ്ഞു: “സമതലമാണ് പർവ്വതത്തിനു ജനനം നൽകിയതു്” ജീവിതമാകുന്ന സമതലങ്ങളിൽ നിന്ന് പർവ്വതസദൃശങ്ങളായ കലാസൃഷ്ടികൾ ഉണ്ടാകുന്നു.

□

---

[1] അംഗണം എന്നതു് ശരിയായ രൂപം. അങ്കണം എന്നെഴുതുന്നതു് തെറ്റ്. ശ്രീ. കുട്ടിക്കൃഷ്ണമാരാരുടെ ഗ്രന്ഥത്തിന്റെ പേരു ശരിയായി എഴുതുകയാണെങ്കിൽ “രാജാംഗണം” എന്നുവരും. “രാജാങ്കണം” എന്നു കാണുന്നതു് തെറ്റ്.

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-നു ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പു വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്‌ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും ‘സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ’ എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, ‘അതുകൊണ്ടാണല്ലോ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്’ എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.



സാഹിത്യവാരഫലം

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്ന കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൗസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ ‘സ്വപ്നമണ്ഡലം’ (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളതു്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്‌ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്കു് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.